LIBRARY ARCHIVES Kerala Legislative Assembly

കാർഷികാധിഷ്ഠിത വ്യവസായം

191 (166) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2015-നുശേഷം ഉല്പാദനം തുടങ്ങുന്ന കാർഷികാധിഷ്ഠിത വ്യവസായത്തിൽ 75 ശതമാനത്തിലധികം മൂല്യവർദ്ധനയുള്ളവയ്ക്ക് പലിശ സബ്സിഡി നല്കുന്നതിൽ 2015-16 ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; അതിൽ എത്ര തുക ഇതിനകം പിൻവലിക്കുകയുണ്ടായി, വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പയുടെ പലിശ തുകയുടെ 50 ശതമാനം എത്ര സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്.

ജലഗതാഗത വകുപ്പിലെ നടപ്പിലാക്കാത്ത പദ്ധതികൾ

192 (167) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലൂടെയും ജലഗതാഗത വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽവിവരം വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ജലഗതാഗത വകുപ്പിൽ വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?